**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 44** — **02-02-2023 - ൽ മറുപടിയ്ക്ക്**

**സംരംഭക വർഷം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി എച്ച് കുഞ്ഞമ്പു, ഡോ.കെ.ടി.ജലീൽ, ശ്രീ. ടി.ഐ.മധുസൂദനൻ, ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. പി. രാജീവ് (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സംരംഭകത്വം ഒരു സംസ്കാരമായി വളർത്തി ത്വരിതഗതിയിലുള്ള വ്യവസായ വികസനം സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെ പ്രഖ്യാപിച്ച സംരംഭക വർഷം പദ്ധതിയിൽ ലക്ഷ്യമിട്ടതിലും കൂടുതൽ നേട്ടം കൈവരിക്കാനായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കേരള സർക്കാർ 2022-2023 സാമ്പത്തിക വർഷം "സംരംഭക വർഷമായി" ആചരിക്കുന്നതിന്റെ ഭാഗമായി ഒരു വർഷത്തിനുള്ളിൽ ഒരു ലക്ഷം പുതിയ സംരംഭങ്ങൾ എങ്കിലും സംസ്ഥാനത്ത് തുടങ്ങുക എന്ന ലക്ഷ്യം നിശ്ചയിച്ചിരുന്നു. പദ്ധതി തുടങ്ങി 8 മാസത്തിനുള്ളിൽ (07/12/2022 -ന്) തന്നെ ഒരു ലക്ഷം പുതിയ സംരംഭങ്ങൾ തുടങ്ങുക എന്ന നേട്ടം കൈവരിക്കാനായിട്ടുണ്ട്. 30/01/2023 ലെ കണക്കുകൾ പ്രകാരം 127214 പുതിയ സംരംഭങ്ങൾ സംസ്ഥാനത്ത് തുടങ്ങിയിട്ടുണ്ട്. |
| (ബി) | സംരംഭക രംഗത്ത് ഉണ്ടായിട്ടുള്ള നവോന്മേഷം സ്ഥായിയാക്കുന്നതിന് കൊച്ചിയിൽ സംഘടിപ്പിച്ച സംരംഭക മഹാസംഗമം എത്രമാത്രം പ്രയോജനപ്രദമായിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | 2022-23 സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ '**സംരംഭക വർഷം**' ആയി ആചരിച്ചു വരികയാണ്. സംരംഭക വർഷത്തിൽ ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുക എന്ന ലക്ഷ്യം, 250 ദിവസത്തിൽ കൈവരിച്ചിട്ടുണ്ട്. ഇത് കൂടാതെ മറ്റ് പല പദ്ധതികളും സംരംഭക വർഷവുമായി ബന്ധപ്പെട്ട് സർക്കാർ നടപ്പാക്കി വരുന്നുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സംരംഭകർക്കായി ഒരു മഹാസംഗമം 2023 ജനുവരി 21-ന് കൊച്ചിയിൽ സംഘടിപ്പിച്ചു. സംസ്ഥാനത്ത് സംരംഭം നടത്തി വരുന്ന പതിനായിരത്തോളം സംരംഭകർ ഇതിൽ പങ്കെടുത്തു. സംഗമത്തോടൊപ്പം സംരംഭകർക്കായി വിവിധ സേവനങ്ങൾ നൽകുന്നതിനുള്ള എഴുപത്തി അഞ്ചോളം സ്റ്റാളുകളും മേളയിൽ സജ്ജമാക്കിയിരുന്നു. ബാങ്കുകൾ, വിവിധ സംസ്ഥാന-കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ, ഇ-കോമേഴ്സ് സ്ഥാപനങ്ങൾ, സാങ്കേതിക സ്ഥാപനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവരുടെ സ്റ്റാളുകളും സംരംഭകർക്ക് UDYAM, KSWIFT, GeM രജിസ്ട്രേഷൻ മുതലായ വിവിധ സേവനങ്ങൾ ഓൺലൈൻ ആയി ചെയ്തു |

| | | | |
|---|---|---|---|
| | | | കൊടുക്കുന്ന സ്റ്റാളുകളും ക്രമീകരിച്ചിരുന്നു. സംരംഭകരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നന്നതിനും സംസ്ഥാനം സംരംഭ സൗഹൃദമാണെന്നുള്ള സന്ദേശം പ്രചരിപ്പിക്കുന്നതിനും സംരംഭക സംഗമം വളരെ സഹായകമായി. |
| (സി) | കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ വ്യവസായ മേഖലയിൽ സംസ്ഥാനത്തുണ്ടായ നിക്ഷേപവും തൊഴിൽ അവസരങ്ങളും എത്രയാണെന്ന് അറിയിക്കാമോ? | (സി) | ഏപ്രിൽ 1, 2022 മുതൽ ജനുവരി 30, 2023 വരെ സംസ്ഥാനത്ത് പുതുതായി 127214 സംരംഭങ്ങൾ തുടങ്ങുകയും അവയിലൂടെ 7710.85 കോടി രൂപയുടെ നിക്ഷേപം സംസ്ഥാനത്ത് ഉണ്ടാവുകയും 273931 തൊഴിൽ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ